**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 314** **12.12.2018-ൽ മറുപടിയ്ക്ക്**

## കൊച്ചി മെട്രോ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ. ദാസൻ<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.ഐ.ബി. സതീഷ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോയുടെ പ്രവർത്തനം അവലോകനം ചെയ്യിരുന്നോ; | (എ) | കൊച്ചി മെട്രോയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ട്. |
| (ബി) | കൊച്ചി മെട്രോയുടെ നിർമ്മാണം തൃപ്പൂണിത്തുറ വരെ നീട്ടുന്ന രണ്ടാം ഘട്ടത്തിന് അംഗീകാരമായിട്ടുണ്ടോ; പ്രസ്തുത പദ്ധതി ചെലവ് എത്രയാണ്; വിശദാംശം നൽകാമോ; | (ബി) | കൊച്ചി മെട്രോയുടെ ഘട്ടം 1 ദീർഘിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പേട്ട മുതൽ എസ്.എൻ ജംഗ്ഷൻ വരെയുള്ള ഭാഗത്തിന്റെ (ഘട്ടം 1എ) പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഘട്ടം 1എ-യുടെ നിർമ്മാണത്തിനായി 359 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. എസ്.എൻ.ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെയുള്ള (ഘട്ടം 1ബി) ഭാഗത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് ഭരണാനുമതി നൽകുന്നതിനായി പരിശോധിച്ചു വരുന്നു. പ്രസ്തുത പദ്ധതിക്കായി 356 കോടി രൂപയാണ് വിശദമായ പദ്ധതി റിപ്പോർട്ട് പ്രകാരം കണക്കാക്കിയിരിക്കുന്നത്. |
| (സി) | കേന്ദ്ര സർക്കാരിന്റെ മെട്രോ നയത്തെ കുറിച്ച് അറിവുണ്ടോ; വ്യക്തമാക്കാമോ; | (സി) | കേന്ദ്രസർക്കാരിന്റെ കീഴിലുള്ള പാർപ്പിട നഗര വികസന മന്ത്രാലയത്തിന്റെ ശിപാർശ പ്രകാരമാണ് മെട്രോ റെയിൽ നയം 2017-ൽ നിലവിൽ വന്നത്. ഒരു നഗരത്തിൽ മെട്രോ റെയിൽ പദ്ധതി നടപ്പിൽ വരുത്തുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങളെക്കുറിച്ചുള്ള ഒരു രൂപരേഖയാണ് ഈ നയത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | കൊച്ചിയിലെ വാട്ടർ മെട്രോ പദ്ധതിയുടെ രൂപരേഖ അറിയിക്കാമോ? | (ഡി) | വരാപ്പുഴ മുതൽ ഇടക്കൊച്ചി വരെ 15 റൂട്ടുകളിൽ 10 ദ്വീപുകളിലായി 45 ബോട്ട്ജെട്ടികളുടെ നിർമ്മാണമാണ് വാട്ടർ മെട്രോ പദ്ധതി വഴി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ 38 ജെട്ടികളുടെ നിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ശേഷിച്ച 7 എണ്ണം ഭരണാനുമതി നൽകുന്നതിനായി പരിശോധിച്ചു വരുന്നു. പ്രധാന നഗരത്തെ ചുറ്റുപാടുമുള്ള 10 ദ്വീപുകളുമായി ബന്ധപ്പെടുത്തിക്കൊണ്ട് അവയുടെ സമഗ്രവികസനവും, ജനങ്ങളുടെ ദൈനംദിന യാത്രാസൗകര്യങ്ങളുടെ വികസനവും മുന്നിൽ കണ്ടുകൊണ്ട് 50 പേർക്ക് കയറാൻ സാധിക്കുന്ന 55 ബോട്ടുകളും, 100 പേർക്ക് കയറാൻ സാധിക്കുന്ന 23 ബോട്ടുകളും (ആകെ 78) പ്രവർത്തന സജ്ജമാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ